# പൊരുതുക എന്നതാണ് പ്രധാനം

**ആദ്യമായി നർമ്മദയിൽ പോയ അനുഭവം അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന സിസ്റ്റർ മെറിൻ വിവരിക്കുന്നു**

മേധ എന്ന സ്ത്രീയുടെ കരുത്താണ് എന്നെ ഏറെ അത്ഭുതപ്പെടുത്തിയത്. ഒറ്റയക്ക് പൊരുതാനുള്ള മേധയുടെ കരുത്ത് ഞാൻ പ്രവർത്തിക്കുന്ന മേഖലയിൽ നിരവധി പുതിയ കാര്യങ്ങൾ ചെയ്യാനുള്ള ദിശാബോധം എനിക്ക് പകർന്ന് നൽകി. സ്ത്രീകളുടെ പ്രവർത്തനങ്ങൾക്ക് പരിധിയുണ്ട് എന്ന പൊതുധാരണകളെയെല്ലാം മേധയുടെ പ്രവർത്തനങ്ങൾ പൊട്ടിച്ചെറിഞ്ഞു. 25 വർഷം പിന്നിട്ടും നർമ്മദ സമരത്തിന്റെ വീര്യം കെടാതിരിക്കാനുള്ള പ്രധാന കാരണം മേധയുടെ ഇച്ഛാശക്തിയാണ്. ദേശ-ഭാഷാ ഭേദങ്ങൾക്ക് അതീതമായി എല്ലാവരെയും ഒരുമിച്ച് നിർത്താനും അവർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

25 വർഷം കഴിഞ്ഞിട്ടും നർമ്മദയിൽ കാണാൻ കഴിഞ്ഞ ഐക്യം എനിക്ക് വളരെയധികം ഊർജ്ജം നൽകി. പ്രശ്നങ്ങളനുഭവിക്കുന്നവരോടൊപ്പം നിൽക്കുന്നതാണ് സാമൂഹികമായ ശരിയെന്ന് നർമ്മദ അനുഭവങ്ങൾ വീണ്ടും ബോധ്യപ്പെടുത്തി. കേരളത്തിലെ സാമൂഹിക പ്രവർത്തനത്തിന്റെയും വ്യക്തികളുടെയും പരിമിതികൾ നമ്മെ ബോധ്യപ്പെടുത്താനുള്ള അവസരം കൂടിയായി നർമ്മദ യാത്ര മാറി. അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു എൻ.ജി.ഒ രൂപീകരിക്കണമെന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ശരിക്കും വേണ്ടത് അവരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നതിനെതിരെ പോരാടാൻ അവരെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള തൊഴിലാളികളുടെ യൂണിയനാണ് കെട്ടിപടുക്കേണ്ടതെന്നും അവരുടെ ഇടയിൽ നിന്നും നേതൃത്വത്തെ കണ്ടെത്തി, ആ നേതൃത്വത്തിന്റെ മുൻകൈയിലാണ് പ്രവർത്തനങ്ങൾ നടക്കേണ്ടതെന്നും നർമ്മദ അനുഭവങ്ങൾ എന്നെ ബോധ്യപ്പെടുത്തി.



25 വർഷം കഴിഞ്ഞിട്ടും നർമ്മദയിൽ കാണാൻ കഴിഞ്ഞ ഐക്യം എനിക്ക് വളരെയധികം ഊർജ്ജം നൽകി. കേരളത്തിലെ സാമൂഹിക പ്രവർത്തനത്തിന്റെയും വ്യക്തികളുടെയും പരിമിതികൾ നമ്മെ ബോധ്യപ്പെടുത്താനുള്ള അവസരം കൂടിയായി നർമ്മദ യാത്ര മാറി

നർമ്മദ ബചാവോ ആന്ദോളൻ ചെയ്തതും അതാണ്. നീതി നിഷേധത്തിനെതിരെ സ്വയം മുന്നോട്ട് വരാൻ, സമരം ചെയ്യാൻ അവർ ജനങ്ങളെ ഉണർത്തുകയായിരുന്നു. രാഷ്ട്രീയ ചായ്‌വില്ലാത്ത തൊഴിലാളി യൂണിയനുകൾ തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഗബ്രിയേല ഡിട്രിച്ച് അനുഭവങ്ങളിലൂടെ വിവരിച്ച് തന്നു. ജയവും തോൽവിയുമല്ല, പൊരുതുക എന്നതാണ് പ്രധാനമെന്ന് നർമ്മദ സമരം നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തുവും പൊരുതി തോറ്റ പോരാളിയായിരുന്നല്ലോ? പ്രവൃത്തിയാണ് പ്രധാനമെന്ന് മേധയുടെ ജീവിതവും നമ്മെ പഠിപ്പിക്കുന്നു. അതുതന്നെയാണ് നർമ്മദ യാത്രയുടെ വലിയ പ്രയോജനം.